# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 820 10.02.2016 - ൽ മറുപടിയ്ക്ക്

**ഓൺലൈൻ ഇൻഡന്റ് സംവിധാനം**

| **ചോദ്യം**<br>**ശ്രീ. കെ.എൻ.എ. ഖാദർ:** | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
|---|---|
| (എ) സംസ്ഥാന സർക്കാർ ആശുപത്രികൾക്ക് ആവശ്യമായി വരുന്ന മരുന്നിന്റെ പട്ടിക ആശുപത്രികൾ ഓൺലൈനായി സമർപ്പിക്കേണ്ടതില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത നിർദ്ദേശം നൽകാനുള്ള കാരണം വ്യക്തമാക്കാമോ ; | (എ) 2013-14 വർഷത്തിൽ ഓൺലൈൻ ഇൻഡന്റ് സംവിധാനം ഏർപ്പെടുത്തിയെങ്കിലും സമർപ്പിത രേഖകളിൽ കൃത്യതയില്ലായ്മ ശ്രദ്ധയിൽപ്പെട്ടതിനാൽ നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും, ആരോഗ്യ വകുപ്പ് ഡയറക്ടറും മേലൊപ്പ് രേഖപ്പെടുത്തി നൽകുന്ന വാർഷിക ഇൻന്റാണ് മരുന്നു ശേഖരണത്തിനും വിതരണത്തിനും അവലംബമായി എടുക്കുന്നത് |
| (ബി) നിലവിലെ ഓൺലൈൻ ഇൻഡന്റ് സംവിധാനത്തിന് എന്തെങ്കിലും അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) കുറ്റമറ്റ രീതിയിൽ ഇൻഡന്റ് ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഓൺലൈൻ സോഫ്റ്റ് വെയറിന് രൂപം നൽകി വരികയാണ് |
| (സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ മരുന്നു വിതരണം സുതാര്യവും സുഗമവും ആക്കുന്നതിനു കുറ്റമറ്റ ഓൺലൈൻ ഇൻഡന്റ് സംവിധാനം തുടർന്നും ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) 2016 ഏപ്രിൽ മാസം 1 മുതൽ ജില്ലാതല മരുന്നു സംഭരണശാലയിൽ നിന്നും മരുന്നു വിതരണം ഉറപ്പാക്കുന്നതു മുതൽ അടുത്ത വർഷത്തിലെ വാർഷിക ഇൻഡന്റ് സ്വീകരിക്കുന്നതുവരെയുള്ള മുഴുവൻ വിവരങ്ങളും ഏകോപിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ എടുത്തുവരുന്നത്. |

സെക്ഷൻ ഓഫീസർ